(ബി) ഇതേ കാലയളവിൽ എത്ര സ്വകാര്യ വാഹനങ്ങളും സർക്കാർ വാഹനങ്ങളും മോഷണം പോയിട്ടുണ്ട്;

(സി) അന്വേഷണത്തെ തുടർന്ന് എത്ര വാഹനങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന മോഷണങ്ങൾ തടയാൻ പോലീസ് സേനയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4737 വാഹന മോഷണക്കേസുകൾ ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യവാഹനങ്ങൾ .. 4725

സർക്കാർ വാഹനങ്ങൾ .. 13

(സി) 1691 വാഹനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഹൈവേ പോലീസ് രൂപീകരിച്ച് അതാത് ജില്ലാ റെയ്ഞ്ച് ഡി. ഐ. ജി.-യുടെയും, ട്രാഫിക് ഐ. ജി.-യുടെയും നേരിട്ടുള്ള നിയന്ത്രണത്തിൽ എല്ലാ നാഷണൽ ഹൈവേയിലും എം. സി. റോഡിലും 24 മണിക്കൂറും അതീവ ജാഗ്രതയോടുകൂടി പ്രവർത്തിച്ചുവരുന്നു. പ്രത്യേക സാഹചര്യങ്ങൾ വാഹനമോഷണ സ്വഭാവം അനുസരിച്ച് പ്രത്യേക ടീമുകളെ ഏർപ്പെടുത്തുന്നുണ്ട്.

രജിസ്റ്റർ ചെയ്ത മോഷണക്കേസുകൾ

80 [81] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) കച്ചവട സ്ഥാപനങ്ങൾ, വീടുകൾ 'സ്വകാര്യസ്ഥാപനങ്ങൾ' ബാങ്കുകൾ തുടങ്ങിയവയിൽ നിന്ന് ഇതേ കാലയളവിൽ എന്തു തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മോഷണം പോയ വസ്തുക്കളിൽ എന്തു തുകയുടെ സാധനങ്ങൾ അന്വേഷണത്തെ തുടർന്ന് കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) ഇത്സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 24,397 മോഷണങ്ങൾ നടന്നിട്ടുണ്ട്.

(ബി) 24,397 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം

തിരുവനന്തപുരം	..	3655
കൊല്ലം	..	1754
പത്തനംതിട്ട	..	791
ആലപ്പുഴ	..	1145
കോട്ടയം	..	1794
ഇടുക്കി	..	1060
എറണാകുളം	..	4145
തൃശ്ശൂർ	..	2056
പാലക്കാട്	..	1693
മലപ്പുറം	..	1103
കോഴിക്കോട്	..	2551
വയനാട്	..	659
കണ്ണൂർ	..	1159
കാസറഗോഡ്	..	818
ക്രൈംബ്രാഞ്ച് വിഭാഗം	..	14
ആകെ	..	24397

(സി) കച്ചവടസ്ഥാപനങ്ങൾ .. 13,50,06,118 രൂപ

വീടുകൾ .. 42,11,70,471 രൂപ

സ്വകാര്യസ്ഥാപനങ്ങൾ .. 9,94,18,830 രൂപ

ബാങ്കുകൾ .. 2,08,98,489 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 15,52,65,411 രൂപയുടെ സാധനങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(ഇ) മോഷണം റിപ്പോർട്ടായപ്പോൾ രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ മോഷണസാധനങ്ങളാണ് കണ്ടെടുത്തിട്ടുള്ളത്. അതിനായി പ്രത്യേകം കേസുകൾ രജിസ്റ്റർ ചെയ്യാറില്ല.

വിഗ്രഹ മോഷണം

81 [82] ശ്രീ. കെ. പി. സതീശൻ ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ ദേവാലയങ്ങളിൽനിന്നും വിഗ്രഹ കവർച്ച നടത്തിയതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവ ഏതെല്ലാം ദേവാലയങ്ങളിലേതാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ കൃസ്ത്യൻ ദേവാലയങ്ങളിലെ എത്ര വിഗ്രഹങ്ങൾ കവർച്ച ചെയ്യപ്പെട്ടിട്ടുണ്ട്;

(ഡി) അന്വേഷണത്തെത്തുടർന്ന് ഏതെല്ലാം ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ കണ്ടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിഗ്രഹക്കവർച്ച സംബന്ധിച്ച് 46 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഒരെണ്ണം.

(ഡി) 20 ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ദേവാലയങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

2001 മേയ് മാസത്തിന് ശേഷം സംസ്ഥാനത്ത് നടന്ന കുറ്റകൃത്യങ്ങൾ

82 [83] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കൊലപാതകങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly